(സി) സംസ്ഥാനത്ത് 25 കോടിയോളം രൂപയുടെ കയറും കയറുൽപ്പന്നങ്ങളുമാണ് കെട്ടിക്കിടക്കുന്നത്.

(ഡി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികളിൽ പങ്കാളികളാകുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

40 (2188) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96-ൽ എന്തു തുകയ്ക്കുള്ള എത്ര വീതം കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്ന് കയറ്റി അയച്ചു;

(ബി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഓരോന്നിലും എന്തു തുകയ്ക്കുള്ള കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്നും കയറ്റി അയച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതിയിൽ ആശാവഹമായ പുരോഗതിയുണ്ടാകാത്തതിന്റെ കാരണമെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1995-96-ൽ 192 കോടി രൂപാ വിലയ്ക്കുള്ള 44,992 ടൺ കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്നും കയറ്റി അയച്ചു.

(ബി) 1996-97ൽ 219 കോടി രൂപയുടേയും 1997-98ൽ 241 കോടി രൂപയുടേയും 1998-99-ൽ 256 കോടി രൂപയുടേയും കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്നും കയറ്റി അയച്ചിട്ടുണ്ട്.

(സി) കയറുൽപ്പന്നങ്ങളുടെ ഉപയോഗമേഖലകളിൽ സിന്തറ്റിക്ക് ഉൽപ്പന്നങ്ങളുടേയും, ചണം, പരുത്തി, കൃത്രിമ നാരുകൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടേയും കടന്നുകയറ്റം കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയെ സാരമായി ബാധിക്കുന്നുണ്ട്. കൂടാതെ കയറുൽപ്പന്നമേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഭാവവും ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽനിന്ന് കയറും കയറുൽപ്പന്നങ്ങളും വിപണിയിലെത്തുന്നതും കയറുൽപ്പന്നങ്ങളുടെ കയറ്റുമതി ആശാവഹമായതോതിൽ വർദ്ധിപ്പിക്കുന്നതിന് തടസ്സമാകുന്നുണ്ട്.

41 (2189) കയർ സഹകരണസംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് എത്ര കയർ സഹകരണ സംഘങ്ങളാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നത് അവ ഏതെല്ലാം;

(സി) റിബേറ്റ് ഇനത്തിൽ 2000 ഫെബ്രുവരി ഒന്നു വരെ എത്ര രൂപ ഈ ഇനത്തിൽ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കാലയളവിൽ റിബേറ്റ് ഇനത്തിൽ എത്ര രൂപ കുടിശ്ശിക ഏതെല്ലാം സ്ഥാപനങ്ങൾക്ക് നൽകാനുണ്ട്;

(ഇ) സഹകരണ സ്ഥാപനങ്ങളിൽ ഉല്പാദിപ്പിക്കാത്ത ഉല്പന്നങ്ങൾക്ക് റിബേറ്റ് എഴുതിയെടുക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരത്തിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കാൻ സംഘങ്ങളിലെ തൊഴിലാളികളുടെ 'വേജ് രജിസ്റ്റർ' ഇ.എസ്.ഐ., പി.എഫ്. വിഹിതം എന്നിവ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ റിബേറ്റ് നൽകുമോ:

(ജി) ഉല്പാദന ചെലവിനേക്കാൾ കുറഞ്ഞ വില ലഭിക്കുന്നതിനാൽ സംഘങ്ങളുടെ നഷ്ടം നികത്തുന്നതിന് ഓരോ സംഘത്തിന്റേയും ടേൺ ഓവറിന്റെ 20% സബ്സിഡിയായി നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധം 1-ൽ† കൊടുത്തിട്ടുണ്ട്

(ബി) ഇപ്പോൾ 53 കയർ സഹകരണ സംഘങ്ങളാണ് സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ഇവയുടെ ലിസ്റ്റ് അനുബന്ധം 2-ൽ* കൊടുത്തിട്ടുണ്ട്.

(സി) 1999-2000 സാമ്പത്തിക വർഷം ഫെബ്രുവരി ഒന്നുവരെ 536.72 ലക്ഷം രൂപ റിബേറ്റ് ഇനത്തിൽ നൽകിയിട്ടുണ്ട്. ഓരോ സ്ഥാപനത്തിനും നൽകിയ തുകയുടെ വിവരം കാണിക്കുന്ന ലിസ്റ്റ് അനുബന്ധം 3-ൽ കൊടുത്തിട്ടുണ്ട്.

(ഡി) 1999-2000 സാമ്പത്തിക വർഷം 17 സ്ഥാപനങ്ങൾക്ക് മൊത്തം 38.33 ലക്ഷം രൂപ കുടിശ്ശിക നൽകാനുണ്ട്. റിബേറ്റ് കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം 4ൽ† കാണുക.

(ഇ) ഇല്ല.

(എഫ്) റിബേറ്റ് അനുവദിച്ച് വിൽക്കുന്ന കയർ ഉല്പന്നങ്ങൾ സഹകരണമേഖലയിൽ ഉല്പാദിപ്പിച്ചതാണെന്ന് ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷമാണ് റിബേറ്റ് അപേക്ഷകൾ കയർ പ്രോജക്ട് ആഫീസർമാർ ശുപാർശ ചെയ്യുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് റിബേറ്റ് അനുവദിക്കുന്നത്.

(ജി) ഉല്പാദന ചെലവിനനുസരിച്ച് ഉല്പന്നങ്ങൾക്ക് വില ലഭിക്കണമെന്ന സംഘങ്ങളുടെ ആവശ്യത്തിലെ പ്രായോഗികത പരിശോധിച്ചു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശ സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഈ വിഷയത്തിൻമേൽ നടപടി സ്വീകരിക്കുന്നതാണ്.

42 (2190) കശുവണ്ടി കുത്തക സംഭരണത്തിനാവശ്യമായ നടപടികൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി :
ശ്രീ. സി.എൻ. ജയദേവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി കുത്തക സംഭരണത്തിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടി വികസന കോർപ്പറേഷൻ വിദേശത്ത്നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്തതിലുള്ള അഴിമതികളെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കർഷകരുടെകൂടി സഹകരണത്തോടെ കശുവണ്ടി കുത്തക സംഭരണം ഏർപ്പെടുത്തുന്നത് ലക്ഷ്യമാക്കി പലവട്ടം കർഷകരുടെ വിവിധ സംഘടനകളുമായി വകുപ്പുമന്ത്രി തലത്തിൽ ചർച്ചകൾ നടത്തിയെങ്കിലും കർഷക സംഘടനകൾ അനുകൂലമായ നിലപാടല്ല സ്വീകരിച്ചത്. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ മറ്റു നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) കശുവണ്ടി വികസന കോർപ്പറേഷൻ 1997-98 വർഷങ്ങളിൽ നടത്തിയ 2 ഇറക്കുമതികളിൽ തൂക്കകുറവ് ഉണ്ടായതു സംബന്ധിച്ചാണ് ആരോപണം ഉണ്ടായിരുന്നത്. ഇതിൻമേൽ ഗാർഹികാന്വേഷണം നടത്തിയിരുന്നു. ഒന്നാമത്തെ ഇറക്കുമതിയിൽ തൂക്കക്കുറവ്മൂലം സപ്ലെയറിൽ നിന്ന് ബാക്കി ലഭിക്കാനുള്ള 53739 ഡോളർ ലഭിക്കുന്നതിന് ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയത് കോർപ്പറേഷന് അനുകൂലമായി വിധിയായിട്ടുള്ളതുമാണ്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

രണ്ടാമത്തെ ഇറക്കുമതിയിൽ ലഭിക്കാനുള്ള മുഴുവൻ തുകയും സപ്ലെയറിൽ നിന്നും യൂസർനസ് എൽ.സി. പ്രകാരം വാങ്ങിയ തോട്ടണ്ടിയുടെ വിലയിൽ നിന്നും തട്ടിക്കഴിച്ചതിനുശേഷം സ്പളയർക്ക് വില നൽകിയിട്ടുണ്ട്.

ഇറക്കുമതിയ്ക്ക് വേണ്ടി നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥൻമാരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് നടത്തിയ അന്വേഷണം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരല്ലെന്ന് കണ്ട് തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVI (1)

1. വിപണിയിലെ മാന്ദ്യം കാരണം വിറ്റഴിയാതെ കെട്ടിക്കിടന്ന കയറും ഉല്പന്നങ്ങളും ഡിസ്ട്രസ് പർച്ചേസായി വാങ്ങി കയർ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും ചെറുകിട ഉൽപാദകരെ സഹായിക്കുന്നതിനുമായി കയർഫെഡിന് 570 ലക്ഷം രൂപയും കേരള സംസ്ഥാന കയർ കോർപ്പറേഷന് 190 ലക്ഷം രൂപയും അനുവദിച്ചു.

2. പീഡിത കയർ വ്യവസായ സഹകരണ സംഘങ്ങളെ പുനഃരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഒരു പുനഃരുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി. ഈ പദ്ധതിപ്രകാരം 475 സംഘങ്ങൾക്കായി ഇതുവരെ 14.55 കോടി രൂപ 50% വായ്പയും 50% ഗ്രാന്റുമായി അനുവദിച്ചു.

3. പൊതുവിപണിയിൽനിന്നും അസംസ്കൃതവസ്തുക്കളായ തൊണ്ട്, ചകിരി എന്നിവ വാങ്ങി ഉല്പാദനം നടത്തുമ്പോൾ ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് തൊണ്ടിന് സബ്സിഡി നൽകുന്നതുപോലെ ചകിരി വാങ്ങി ഉല്പാദനം നടത്തുന്ന സംഘങ്ങൾക്കും സബ്സിഡി നൽകുന്ന പദ്ധതി നടപ്പാക്കി. ഈ പദ്ധതിപ്രകാരം ഓരോ കിന്റൽ ചകിരി വാങ്ങി ഉല്പാദനം നടത്തുമ്പോഴും 150 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

4. കയറുല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിന് പുതിയ വില്പനശാലകൾ ആരംഭിക്കുന്നതിന് സാമ്പത്തികസഹായം നൽകുന്ന പദ്ധതി നടപ്പാക്കി. ഈ പദ്ധതിപ്രകാരം കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നീ സ്ഥാപനങ്ങൾക്ക് മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്ക് പുതിയതായി ആരംഭിക്കുന്ന ഓരോ വില്പന ശാലയ്ക്കും ഒരുലക്ഷം രൂപ വരെ ഗ്രാന്റ് ലഭിക്കുന്നു. കൂടാതെ പരസ്യങ്ങൾ നൽകുന്നതിനും പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനും സാമ്പത്തികസഹായം നൽകുന്ന ഒരു പദ്ധതിയും നടപ്പാക്കിവരുന്നു.

5. സംയോജിത കയർ വികസന പദ്ധതിപ്രകാരം യൂണിറ്റ് സ്ഥാപിക്കുന്നതിന് എൻ.സി.ഡി.സി.യിൽ നിന്നും 14.25 ശതമാനനിരക്കിൽ വായ്പ ലഭിച്ച സംഘങ്ങൾ വായ്പ ഗഡുക്കൾ യഥാസമയം തിരിച്ചടയ്ക്കുകയാണെങ്കിൽ 6.50% പലിശ സബ്സിഡി നൽകുന്ന ഒരു പദ്ധതി നടപ്പാക്കി.

6. യന്ത്രവൽകൃത കയർ പിരിയൂണിറ്റുകൾ സ്ഥാപിച്ച് സംഘങ്ങൾക്ക് റാട്ടുകൾ റിപ്പയർ ചെയ്യുന്നതുമൂലമുണ്ടാകുന്ന അധികചെലവ് പരിഹരിക്കുന്നതിനായി പ്രതിവർഷം 50000 രൂപ വരെ ഗ്രാന്റു നൽകുന്ന പദ്ധതി നടപ്പാക്കി.

7. കയർ, കയറുല്പന്നങ്ങൾ എന്നിവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ നിർമ്മിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതി എൻ.സി.ഡി.സി. യുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കി.

8. കൂടുതൽ മുതൽമുടക്കാവശ്യമായ കയറുല്പന്ന നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എൻ.സി.ഡി.സി. പദ്ധതിപ്രകാരം സാമ്പത്തിക സഹായം ലഭ്യമാക്കി. മൊത്തം 513 ലക്ഷം രൂപ മുതൽമുടക്കുള്ള 5 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തികസഹായം നൽകുകയും 359 ലക്ഷം രൂപ മുതൽമുടക്ക് വരുന്ന 2 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എൻ.സി.ഡി.സി. യിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVI (2)

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 41 (2189) ന്റെ ഉത്തരം (ബി) കാണുക)

List of Coir Vyavasaya Co-op. Societies working in profit

1.	Muttappalam CVCS Ltd. No. 705	Chirayinkeezhu Coir Project
2.	Karibhagam CVCS Ltd. No. 892	.....do.....
3.	Channamkara CVCS Ltd. No.622	.....do.....
4.	Thrikkunnapuzha Kizhakkekkara Kayamkulam Vadakku CVCS No.461	.....do.....
5.	Thrikkunnapuzha North CVCS 650	.....do.....
6.	Thrikkunnapuzha Kizhakkekara Thekku CVCS No. 486	.....do.....
7.	Pannur CVCS Ltd. No. 549	.....do.....
8.	Muthukulam CVCS Ltd. No. 72	.....do.....
9.	Keerikkad CVCS Ltd.No. 107	.....do.....
10.	Kottukulangala CVCS Ltd.No.424	.....do.....
11.	Prayar CVCS No.464	.....do.....
12.	Thamalakkal South CVCS No.663	.....do.....
13.	Thamalakkal North CVCS 460	.....do.....
14.	Thamalakkal CVCS Ltd.No. 316	.....do.....
15.	Kumarapuram CVCS Ltd.No.70	.....do.....
16.	Perumkulam North CVCS 337	Alappuzha Coir Project
17.	Annalathodu CVCS No. 336	.....do.....
18.	Poochakkal CVCS No. 14	.....do.....
19.	Pallippuram CVCS No. 135	.....do.....
20.	Pallippuram Kunnethukadavu CVCS 703	.....do.....
21.	Mekkukadavu CVCS No. 508	.....do.....
22.	Ezhupunna North CVCS No. 487	.....do.....
23.	Newmodel CM&MCS Ltd.No. 524	.....do.....
24.	Alappuzha Town CM&MCS Ltd.No.888	.....do.....
25.	Kerala CM&MCS Ltd.No.346	.....do.....
26.	Sarvodayapuram CM&MCS Ltd.No.732	.....do.....
27.	Kanjikuzhy CM&MCS Ltd.No.745	.....do.....
28.	Karappuram CM&MCS Ltd.No.889	.....do.....
29.	Aroor CM&MCS Ltd.No.344	.....do.....
30.	Panavally CM&MCS Ltd.No. 520	.....do.....
31.	Cherthala CM&MCS Ltd.No. 240	.....do.....
32.	Labourers CM&MCS Ltd.No. 733	.....do.....

LIBRARY ARCHIVES Kerala Legislative Assembly

33.	Muhamma CM&MCS Ltd.No.430	.....do.....
34.	Cherthala SSPCS No. 740	.....do.....
35.	Alappuzha SSPCS Ltd. No. 743	.....do.....
36.	Alappuzha SSPCS Ltd.No. 742	.....do.....
37.	Kanjikuzhy SSPCS Ltd.No. 739	.....do.....
38.	Cherthala SSPCS Ltd.No. 886	.....do.....
39.	Aryad SSPCS Ltd.No. 741	.....do.....
40.	Sarvodayapuram SSCPCS Ltd.No.993	.....do.....
41.	Nethaji SSPCS Ltd.No.934	.....do.....
42.	Pallippurathussery CVCS No.82	Vaikom Coir Project
43.	Chappara CVCS Ltd.No.	Trissur Coir Project
44.	Kavilkadavu CVCS No.10	.....do.....
45.	Chaliyas CVCS Ltd.No. 608	Kozhikode Coir Project
46.	Kunnathara CVCS Ltd.No. 268	.....do.....
47.	Edavakkodu CVCS Ltd.No.782	.....do.....
48.	Beypore-Naduvattam CVCS No.220	.....do.....
49.	Nallalam CVCS Ltd.No.263	.....do.....
50.	Chervannur CVCS Ltd.No. 371	.....do.....
51.	Chaliyam CVCS Ltd.No.770	.....do.....
52.	Cherukulam CVCS Ltd.No. 370	.....do.....
53.	Pappinissery Ezhiranakavu CVCS No.332	Kannur Coir Project

അനുബന്ധം XVI (3)

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 41 (2189) ന്റെ ഉത്തരം (സി) കാണുക)

Details of rebate sanctioned during the year 1999-2000

(As on 1.2.2000)

	Name of Society / Institution	Amount sanctioned(Rs)
1.	Kanjikuzhy CM&MCS Ltd.No.745	15,48,258
2.	New Bharath CM&MCS Ltd.No. 758	11,53,328
3.	Muhamma CM&MCS Ltd., No. 430	13,43,351
4.	Alappuzha Town CM&MCS Ltd., No.888	10,35,918
5.	South Indian CM&MCS Ltd., No.522	9,24,873
6.	Cherthala CM&MCS Ltd., No. 240	11,07,364
7.	Panavally CM&MCS Ltd., No. 520	7,30,897
8.	Sarvodayapuram CM&MCS Ltd., No.732	4,15,321
9.	Travancore CM&MCS Ltd.No. 747	72,787
10.	Karappuram CM&MCS Ltd.No. 889	3,70,097

LIBRARY ARCHIVES Kerala Legislative Assembly

11.	Mararikulam CM&MCS Ltd. No. 516	12,90,879
12.	Alleppey CM&MCS Ltd. No. 241	3,10,424
13.	Labourers CM&MCS Ltd. No. 733	13,35,318
14.	Ambalapuzha CM&MCS Ltd.No. 394	6,71,747
15.	Thannermukkom SSCMMCS Ltd.No. 885	1,97,886
16.	Alleppey SSCGMCS Ltd.No. 753	1,30,238
17.	Alleppey SSCMPCS Ltd.No. 742	12,78,870
18.	Cherthala Taluk SSCMPCS Ltd. No. 886	6,11,639
19.	Kerala CM&MCS Ltd.No. 346	5,77,363
20.	Modern CM&MCS Ltd.No. 764	3,09,590
21.	Aryad Block SSCMMCS Ltd.No. 741	7,36,647
22.	Indira priyadarsini CM&MCS Ltd.No. 764	3,53,702
23.	Alleppey SSCMMCS Ltd.No.743	5,11,713
24.	Kanjikuzhy SSCMMCS Ltd.No. 739	7,70,657
25.	New Model CM&MCS Ltd.No. 524	2,73,349
26.	Bharath CM&MCS Ltd.No. 526	2,89,379
27.	Aryad CM&MCS Ltd.No. 749	1,11,233
28.	Cherthala SSCMMCS Ltd.No. 740	15,28,782
29.	Sarvodayapuram SSCMPCS Ltd.No.993	3,00,817
30.	Vaikom CM&MCS Ltd.No. 349	5,68,871
31.	Coirfed	2,86,67,388
32.	Foam Mattings India Ltd.	24,93,156
33.	The Kerala State Coir Corporation Ltd.,	16,39,936
34.	Cheenacherry-Kappad CVCS Ltd. No.279	1,950
35.	Chenancherry CVCS Ltd.No. 256	4,101
36.	Annassery CVCS Ltd.No. 328	3,814
	Total	536,71,564

അനുബന്ധം XVI (4)

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 41 (2189) ന്റെ ഉത്തരം (ഡി) കാണുക)

Details Of Rebate claims pending for the year 1999-2000

Name of Society/organisation	Amount pending
1. Alleppey Town CM&MCS Ltd.No.A.888	50250/-
2. New Model CM&MCS Ltd.No 524	45556/-
3. Ambalappuzha CM&MCS Ltd.No 394	169089/-
4. Modern CM&MCS Ltd.No 764	59491/-
5. Kerala State Co.operative Coir Marketing Federation Ltd.No. 679(Coirfed)	106907/-

LIBRARY ARCHIVES Kerala Legislative Assembly

6. Alleppey CM&MCS Ltd.No 241	186839/-
7. Bharath CM&MCS Ltd.No 526	218472/-
8. Kerala State Coir Corporation Ltd.Alleppey	259187/-
9. Kerala CM&MCS Ltd.No 346	864927/-
10. Panavally CM&MCS Ltd.No 520	96388/-
11. Indira Priyadarsini CM&MCS Ltd.No754	143231/-
12. Labourers CM&MCS Ltd.No 733	1124478/-
13. Alleppey CM&MCS Ltd.No 753	39369/-
14. Travancore CM&MCS Ltd.No 747	20474/-
15. Karappuram CM&MCS Ltd.No 889	101179/-
16. Sarvodayapuram SSCMPCS Ltd.No.993	38639/-
17. Alleppey SSCMMCS Ltd.No.743	308917/-
Total	38,33,393/-

അനുബന്ധം XVII (1)

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 68 (2216) ന്റെ ഉത്തരം കാണുക)

WB assisted ICDS Phase III New Projects Y1-20 Projects

Sl.No.	*Name of Projects*	*District*	*No.of AWCs*
1.	Nedumangad	Thiruvananthapuram	147
2.	Karunagappally	Kollam	181
3.	Mallappally	Pathanamthitta	115
4.	Veliyanad	Alappuzha	90
5.	Ariyad	Alappuzha	111
6.	Kaduthuruthy	Kottayam	156
7.	Pallam	Kottayam	234
8.	Vahavoor	Kottayam	109
9.	Parakkadavu	Ernakulam	127
10.	Vazhakulam	Ernakulam	177
11.	Pampakkuda	Ernakulam	92
12.	Koovappady	Ernakulam	133
13.	Puzhakkal	Trissur	164
14.	Ollukkara	Trissur	225
15.	Malampuzha	Palakkad	167
16.	Chelannoor	Kozhikode	183
17.	Kunnummal	Kozhikode	175
18.	Panthalayani	Kozhikode	165
19.	Kozhikode(R)	Kozhikode	257
20.	Neeleswaram	Kasaragod	237
	Total		3245

LIBRARY ARCHIVES Kerala Legislative Assembly